തിരുമുല്പാട് ഫൗണ്ടേഷൻ

# വൈദ്യസംവാദം

ഡിസംബർ 2021 - മാർച്ച് 2022
(സംയുക്തലക്കം)



വൈദ്യഭൂഷണം
കെ. രാഘവൻ തിരുമുല്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്

# മുസ്താദിഗണം

**മുസ്താവചാഗ്നിദ്വിനിശാ ദ്വിതിക്താ**
**ഭല്ലാതപാഠാത്രിഫലാവിഷാഖ്യാഃ**
**കുഷ്ഠം ത്രുടീ ഹൈമവതീ ച യോനി-**
**സ്തന്യാമയഘ്നാ മലപാചനാശ്ച**

വൃത്തം:- ഇന്ദ്രവജ്രാ

ഗണദ്രവ്യസംഖ്യ:- 16

മുസ്താ (മുത്തങ്ങ), വചാ (വയമ്പ്), അഗ്നി (കൊടുവേലിക്കിഴങ്ങ്), ദ്വിനിശാ (വരട്ടുമഞ്ഞൾ, മരമഞ്ഞൾ തൊലി), ദ്വിതിക്താ (കടുകുരോഹിണിയും, പുത്തരിച്ചുണ്ട/കിരിയാത്ത്), ഭല്ലാതകം (ചേർക്കുരു), പാഠാ (പാടക്കിഴങ്ങ്) ത്രിഫല (കടുക്കാ, നെല്ലിക്ക, താന്നിക്കാ) വിഷാഖ്യാ: (അതിവിടയം), കുഷ്ഠം (കൊട്ടം), ത്രുടി (ഏലത്തരി), ഹൈമവതി (വെൾവയമ്പ്).

ദ്വിതിക്തകൾ കടുരോഹിണിയും അതിവിടയവുമെന്നും; കടുരോഹിണിയും പുത്തരിച്ചുണ്ടയെന്നും; കടുരോഹിണിയും കിരിയാത്തയെന്നും അർത്ഥം സ്വീകരിച്ചുകാണുന്നു.

വിഷാഖ്യ - നെന്മേനിവാകയെന്നും അതിവിടയമെന്നും അർത്ഥം പറഞ്ഞു കാണുന്നുണ്ട്. ഹൈമവതിക്ക് വെളുത്തവയമ്പെന്നും മഞ്ചട്ടിയെന്നും ഉണ്ട് അർത്ഥഭേദങ്ങൾ. മഞ്ചട്ടിയ്ക്ക് ചൊവ്വള്ളിക്കൊടിയെന്ന് പ്രാദേശികമായി പറയാറുണ്ട്.

അരുണദത്തൻ ദ്വിതിക്തയായി കണക്കാക്കിയിരിക്കുന്നത് കടുകാ, കാകതിക്തകളെയാണ്. അതേസമയം ഹേമാദ്രി കടുകാ, കരഞ്ജികയെന്ന് വ്യാഖ്യാനിച്ചിരിക്കുന്നു. സുശ്രുതത്തിലെ മുസ്താദിഗണത്തിൽ വിഷാഖ്യയെന്ന പദത്തിന് അതിവിടയമെന്ന അർത്ഥമാണ് നൽകിയിരിക്കുന്നത്.

അരുണോദയം വ്യാഖ്യാനത്തിൽ ഹൈമവതിക്ക് സ്വർണ്ണക്ഷീരിയെന്ന അർത്ഥം നൽകിയിട്ടുണ്ടെങ്കിലും ശ്വേതവചയെന്ന വെൾവയമ്പ്

എടുക്കുന്നതാണ് അഭികാമ്യം എന്ന് സൂചിപ്പിക്കുന്നു.

ഫലശ്രുതി

**യോനിസ്തന്യാമയഘ്നാ മലപാചനാശ്ച**

യോനിരോഗത്തെയും സ്തന്യദുഷ്ടിയെയും ശമിപ്പിക്കുന്നതും മലപാചനവുമാണ്.

**വചാഹരിദ്രാദിഗണങ്ങൾ**

**വചാജലദദേവാഹ്വ**
**നാഗരാതിവിഷാഭയാഃ**
**ഹരിദ്രാദ്വയയഷ്ട്യാഹ്വ**
**കലശീ കുടജോത്ഭവാഃ**

വൃത്തം : അനുഷ്ഠുപ്പ്

വചാദിഗണം

ഗണദ്രവ്യസംഖ്യ:- 6

വചാ (വയമ്പ്), ജലദം (മുത്തങ്ങ), ദേവാഹ്വം (ദേവതാരം), നാഗരം (ചുക്ക്), അതിവിഷ (അതിവിടയം), അഭയാ (കടുക്ക).

ഹരിദ്രാദിഗണം

ഗണദ്രവ്യസംഖ്യ:- 5

ഹരിദ്രാദ്വയങ്ങൾ (വരട്ടുമഞ്ഞളും, മരമഞ്ഞളും), യഷ്ട്യാഹ്വ (ഇരട്ടിമധുരം), കലശി (ഓരിലവേര്/മൂവിലവേര്)

ഫലശ്രുതി

**വചാഹരിദ്രാദിഗണാവാമാതീസാരനാശനൗ**
**മേദഃകഫാഢ്യപവനസ്തന്യദോഷനിബർഹണൗ**

ഈ ഗണങ്ങൾ ആമാതിസാരത്തെ നശിപ്പിക്കുന്നതും കോപിച്ച മേദഃകഫങ്ങളെയും ആഢ്യവാതത്തെയും സ്തന്യദോഷത്തെയും നശിപ്പിക്കുന്നതുമാണ്. ആമാശയഗതവായുകോപത്തിൽ രോഗിയെ ഛർദ്ദിപ്പിച്ച് പേയാദിക്രമമനുഷ്ഠിപ്പിച്ച് വചാദിഗണദ്രവ്യങ്ങൾ പൊടിച്ച് ദോഷശേഷപാചനത്തിനായി ചൂടുവെള്ളത്തിൽ നൽകണം. (അ.ഹൃ.വാതവ്യാധിചികിത്സ - ശ്ലോ.14)

വചാദിഗണത്തിന്റെ ആറ് ദ്രവ്യങ്ങളും ചേർന്നാൽ ഷഡ്ധരണയോഗത്തിനു തുല്യമാണെന്നു പറയാം. സുശ്രുതൻ ഷഡ്ധരണയോഗത്തിൽ അഭയ ഉൾപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധേയമാണ്. ആമവാതത്തിൽ വചാഹരിദ്രാദിഗണങ്ങൾ ഇന്തുപ്പും ചേർത്ത് ചെറുചൂടുവെള്ളത്തിൽ നൽകുവാനായി പറയുന്നുണ്ട്. (അ.ഹൃ.വാതവ്യാധി ചികിത്സ–ശ്ലോ.47)

വൈദ്യമനോരമയിൽ ഊരുസ്തംഭചികിത്സാപ്രകരണത്തിൽ
*ക്വാഥോ വചാഹരിദ്രാദ്യൈഃ പേയം*

ഇന്നു സർവ്വസാധാരണമായി കാണപ്പെടുന്ന Crohn's disease-ലും Irritable bowel syndrome-ലും വളരെ ഫലപ്രദമായി ഉപയോഗിക്കാവുന്ന രണ്ട് ഗണങ്ങളാണിത്. മറ്റു കല്പനകളെക്കാൾ ചൂർണ്ണകല്പനയാണ് കൂടുതൽ ഫലപ്രദമായി കണ്ടിട്ടുള്ളത്. ഇത് ആഹാരമധ്യത്തിലാണ് നൽകാറുള്ളത്. യുക്തം പോലെ തേൻ ചേർത്തും ഘൃതങ്ങൾ ചേർത്തും നൽകുക പതിവുണ്ട്. അതിസാരഗ്രഹണിദോഷചികിത്സകളിൽ വചാഹരിദ്രാദിഗണങ്ങൾ ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്.

## ജീവനീയഗണം

**ജീവന്തീകാകോള്യൗ**
**മേദേ ദ്വേ മുദ്ഗമാഷപർണ്ണ്യൗ ച**
**ഋഷഭകജീവകമധുക-**
**ഞ്ചേതി ഗണോ ജീവനീയാഖ്യഃ**

വൃത്തം :- ആര്യാ

ദ്രവ്യസംഖ്യ - 10

ജീവന്തി (അടപതിയൻ), കാകോളീ-ക്ഷീരകാകോളികൾ (പകരം ശതാവരി ഉപയോഗിച്ചു വരുന്നു) മേദാ, മഹാമേദ (പകരം പാൽമുതുക്ക് ഉപയോഗിച്ചുവരുന്നു.) മുദ്ഗപർണ്ണി (കാട്ടുഴുന്നിൻ വേര്) മാഷപർണി (കാട്ടുപയറ്റിൻ വേര്), ഋഷഭകം (പകരം അമുക്കരം ഉപയോഗിച്ചുവരുന്നു)ജീവകം (പകരം അമുക്കുരം ഉപയോഗിച്ചുവരുന്നു) മധുകം (ഇരട്ടിമധുരം)

ക്ഷതക്ഷയകാസങ്ങളിൽ ഉപയോഗിക്കുന്ന അമൃതപ്രാശത്തിൽ ജീവനീയഗണം ചേരുന്നുണ്ട്. *ജീവനീയോ ഗണഃ ശുണ്ഠീ – (അ.ഹൃ. ചി. 3/94–101)*

*ഗുല്മേ രൂക്ഷോഷ്ണജേ പുനഃ* – (അ.ഹൃ.ചി. 14/62–63) തൃണപ

ഞ്ചമൂലം കഷായത്തിൽ ജീവനീയഗണം കല്ക്കമാക്കി ഘൃതം തയ്യാറാക്കി നൽകാൻ വിധിക്കുന്നുണ്ട്. വാശാഘൃതമോ, തിക്തഘൃതമോ നൽകുകയും ചെയ്യുന്നു.

കല്പസ്ഥാനം നാലാം അധ്യായത്തിൽ (ദോഷഹരണം സാമാന്യ വസ്തികല്പം)- യഷ്ട്യാഹവസ്തിയിൽ ജീവനീയഗണം കൽക്കമാണ്.

പിത്തോന്മാദത്തിൽ ജീവനീയഗണസിദ്ധഘൃതം നൽകാൻ വിധിക്കുന്നു.

അപസ്മാരത്തിൽ ജീവനീയഗണംകൊണ്ട് ഘൃതം യമകവും തയ്യാറാക്കി നൽകാനും നിർദ്ദേശമുണ്ട്.

നേത്രരോഗത്തിൽ നസ്യത്തിന് പഞ്ചസാരയും പാലും ചേർത്ത് ജീവനീയഘൃതം നിർദ്ദേശിച്ചിട്ടുണ്ട്. കർണ്ണരോഗത്തിൽ ജീവനീയഗണസിദ്ധതൈലം കരണപൂരണത്തിന് വിധിക്കുന്നു. ശിരോരോഗത്തിൽ ജീവനീയഗണസിദ്ധതൈലം നസ്യത്തിന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. യോനിരോഗങ്ങളിൽ ജീവനീയഗണസിദ്ധക്ഷീരവും ഘൃതവും വിധിക്കുന്നു.

## മുഷ്ക്കാദി ഗണം

**മുഷ്ക്കകസ്നുഗ്വരാ ദ്വീപി**
**പലാശധവശിംശപാഃ**
**ഗുൽമ മേഹാശ്മരീപാണ്ഡു**
**മേദോർശഃകഫശുക്ലജിത്**

വൃത്തം: - അനുഷ്ടുപ്പ്

ഗണസംഖ്യ:- 9

മുഷ്ക്കകം (മുളംപ്ലാശിൻ തൊലി/പലാശഭേദം/ചെറുഈന്തൽ) സ്നുക് (കള്ളിവേര്), വരാ (കടുക്ക, നെല്ലിക്ക, താന്നിക്ക), ദ്വീപി (വെൾവഴുതനിങ്ങ/കൊടുവേലി/പുലിച്ചുവടി), പലാശം (പ്ലാശിൻ തൊലി), ധവം (ഞമവേര്), ശിംശപാ (ഇരുപൂ/ഇരുമുള്ള്)

ഫലശ്രുതി:- ഗുല്മം, പ്രമേഹം, അശ്മരി, പാണ്ഡു, മേദസ്സ്, അർശസ്സ്, കഫദോഷം, ശുക്ലദോഷം എന്നിവയെ ശമിപ്പിക്കുന്നു.

പ്രയോഗം

കഫോദരത്തിൽ മുഷ്ക്കാദി ഗണം കഷായം വെച്ച് ഗോമൂത്രം

ചേർത്ത് ത്രികടു കൽക്കമാക്കി കഷായവസ്തിയും നെയ്യ് തയ്യാറാക്കി സ്നേഹവസ്തിയും ചെയ്യുവാനായി വിധിച്ചു കാണുന്നുണ്ട്.

ഈ മുഷ്ക്കാദിഗണം കാലികപ്രസക്തിയുള്ള ഒരു യോഗമാണ്. പുരുഷവന്ധ്യത ഏറെയുള്ള ഇക്കാലത്ത് ശുക്ലദോഷപരിഹാരത്തിനായി ഈ ഗണത്തെ നിരൂഹ-അന്വാസനരൂപത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്.

മുഷ്ക്കാദിഗണത്തിന്റെ ഫലശ്രുതിയിലെ 'കഫശുക്ലജിത്' എന്ന ഭാഗത്തിന് വിവിധവ്യാഖ്യാതാക്കൾ പലരീതിയിൽ അഭിപ്രായം രേഖപ്പെടുത്തിക്കാണുന്നുണ്ട്. ഈ ഗണം കഫത്തെയും ശുക്ലത്തെയും ക്ഷയിപ്പിക്കുമെന്ന അർത്ഥമാണ് ഭൂരിപക്ഷവും സ്വീകരിച്ചിരിക്കുന്നത്.

എന്നാൽ ഗർഭാസമർത്ഥങ്ങളായ ഒൻപതു ശുക്ലദോഷങ്ങളെ ഗർഭാവക്രാന്തീയത്തിൽ വിവരിക്കുന്നുണ്ട്. അതിൽ കഫശുക്ലദോഷത്തിലാണ് മുഷ്ക്കാദിഗണം പ്രയോജനപ്പെടുകയെന്നു തോന്നുന്നു.

'Ganas of Vahata' എന്ന ഗ്രന്ഥത്തിലെ ശ്രീ.എൻ.എസ്സ്.മൂസ്സിന്റെ അഭിപ്രായം ഈ ആശയത്തെ സാധൂകരിക്കുന്നുണ്ട്.

■